# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### നഗരപ്രദേശങ്ങളിൽ നൽകിവരുന്ന ആരോഗ്യസേവനങ്ങൾ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2535 — 27.01.2014 - ൽ മറുപടിയ്ക്ക്

ചോദ്യം — മറുപടി

| | | | |
|---|---|---|---|
| | ശ്രീ. എസ്. ശർമ്മ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് നഗരമേഖലകളിലും, നഗരത്തോട് ചേർന്ന് കിടക്കുന്ന കോളനികളിലും സർക്കാർ തലത്തിൽ നൽകി വരുന്ന ആരോഗ്യ സേവനങ്ങൾ വിശദീകരിക്കാമോ; | എ) | നഗരപ്രദേശങ്ങളിൽ പലയിടങ്ങളിലും പി.എച്ച്.സികൾ നിലവിലുണ്ട്. ഈ പി.എച്ച്.സിയുടെ പരിധിയിൽ വരുന്ന കോളനികളിലും മറ്റു പ്രദേശങ്ങളിലും ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർ മാതൃശിശു പരിചരണം, പ്രതിരോധ കുത്തിവയ്പുകൾ, പകർച്ചവ്യാധി നിയന്ത്രണം, ആരോഗ്യബോധവൽക്കരണം തുടങ്ങിയ കാര്യങ്ങൾ ചെയ്തുവരുന്നുണ്ട്. പി.എച്ച്.സികൾ ഇല്ലാത്ത നഗരപ്രദേശങ്ങളിൽ മുനിസിപ്പാലിറ്റി / കോർപ്പറേഷനുകളുടെ കീഴിൽ വരുന്ന നഗര ആരോഗ്യ വിഭാഗമാണ് പ്രധാനമായും പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ആരോഗ്യ വകുപ്പിൽ എൻ.ആർ.എച്ച്.എം - മായി ചേർന്ന് നഗരപ്രദേശങ്ങളിലെ രോഗപ്രതിരോധ കുത്തിവയ്പുകൾ നടത്തുന്നതിനായി പ്രത്യേകമായി ഡോക്ടർമാരേയും ഫീൽഡ് സ്റ്റാഫുകളെയും നിയമിച്ചിട്ടുണ്ട്. കൂടാതെ നഗരപ്രദേശങ്ങളിൽ നഗരാരോഗ്യമിഷന്റെ (എൻ.വി.എച്ച്.എം) പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികളും എൻ.ആർ.എച്ച്.എം വഴി ആരംഭിച്ചിട്ടുണ്ട്. |
| ബി) | നഗരപ്രദേശങ്ങളിൽ എത്ര പി.എച്ച്.സി / സി.എച്ച്.സി - കളുണ്ടെന്നും വീടുവീടാന്തരം സന്ദർശിച്ച് ആരോഗ്യ സേവനങ്ങൾ നൽകുന്നതിന് എത്ര ജീവനക്കാരുണ്ടെന്നും വ്യക്തമാക്കാമോ; | ബി) | നഗരപ്രദേശങ്ങളിൽ 10 സി.എച്ച്.സികളും 33 പി.എച്ച്.സികളും ഉണ്ട്. നഗരപ്രദേശങ്ങളിൽ വീടുവീടാന്തരം സന്ദർശിച്ച് സേവനങ്ങൾ നൽകുന്നതിന് 282 ജീവനക്കാരുണ്ട്. |

| | | | |
|---|---|---|---|
| സി) | നഗരപ്രദേശത്തെ കോളനികളിൽ താമസിക്കുന്നവർക്ക് പ്രത്യേകമായി ആരോഗ്യ ബോധവത്കരണം /ആരോഗ്യ സേവനം / ഗർഭകാല സേവനങ്ങൾ എന്നിവ നൽകുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | സി) | നഗരപ്രദേശങ്ങളിൽ പലയിടങ്ങളിലും പി.എച്ച്.സികൾ നിലവിലുണ്ട്. ഈ പി.എച്ച്.സിയുടെ പരിധിയിൽ വരുന്ന കോളനികളിലും മറ്റു പ്രദേശങ്ങളിലും ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർ മാതൃശിശുപരിചരണം, പ്രതിരോധ കുത്തിവയ്പുകൾ, പകർച്ചവ്യാധി നിയന്ത്രണം, ആരോഗ്യ ബോധവൽക്കരണം തുടങ്ങിയ കാര്യങ്ങൾ ചെയ്തുവരുന്നുണ്ട്. പി.എച്ച്.സികൾ ഇല്ലാത്ത നഗര പ്രദേശങ്ങളിൽ മുനിസിപ്പാലിറ്റി / കോർപ്പറേഷനുകളുടെ കീഴിൽ വരുന്ന നഗര ആരോഗ്യ വിഭാഗമാണ് പ്രധാനമായും പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ആരോഗ്യ വകുപ്പ് എൻ.ആർ.എച്ച്.എം-മായി ചേർന്ന് നഗരപ്രദേശങ്ങളിലെ രോഗപ്രതിരോധ കുത്തിവയ്പുകൾ നടത്തുന്നതിനായി പ്രത്യേകമായി ഡോക്ടർമാരേയും ഫീൽഡ് സ്റ്റാഫുകളെയും നിയമിച്ചിട്ടുണ്ട്. കൂടാതെ നഗരപ്രദേശങ്ങളിൽ നഗരാരോഗ്യമിഷന്റെ (എൻ.വി.എച്ച്.എം.) പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികളും എൻ.ആർ.എച്ച്.എം.വഴി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ